ഈ വിഷയത്തിൽ ഗവൺമെൻറിന്റെ മനസ്ഥിതി എന്താണെന്നു ഇപ്പോൾ വ്യക്തമായി. ഈ ബിൽ നിയമസഭ പാസ്സാക്കിയാലും ഗവൺമെൻറ് തള്ളുമെന്നു തെളിയുന്നു. പിന്നെ എന്തിനു പാസ്സാക്കുന്നു? ആയതിനാൽ ഞാൻ ബിൽ പിൻവലിക്കുന്നു.

Motion was, with leave, withdrawn.

The Cochin Regulation of Sales Bill.

മിസ്റ്റർ കെ. ടി. മാത്യു.—ബില്ലിലെ ഈ വിഷയത്തെ സംബന്ധിച്ചുള്ള ഒരു പ്രമേയം ഈ നിയമസഭയിൽ പാസ്സാക്കിയിരിക്കുന്ന സ്ഥിതിക്കു ഈ ബിൽ അവതരിപ്പിക്കണമെന്നു വിചാരിക്കുന്നില്ല. ഈ നിയമസഭയിൽ പാസ്സാക്കിയിരിക്കുന്ന പ്രമേയം അനുസരിച്ചു എന്തെങ്കിലും ഗവൺമെണ്ടിനു ചെയ്യണമെന്നുണ്ടെങ്കിൽ ചെയ്യാൻ സാധിക്കുന്നതാണ്. ആയതിനാൽ ഞാൻ ഈ ബിൽ ഇപ്പോൾ അവതരിപ്പിക്കുവാൻ വിചാരിക്കുന്നില്ല.

Hence the motion was considered withdrawn.

Encouragement of Cottage Industry in the State.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ.—എനിക്കു ഈവിഷയത്തെക്കുറിച്ചുകൂടുതലായി ഒന്നും പറയുവാനില്ല. ഗവൺമെണ്ടിനോടു ഒരു പേക്ഷചെയ്യുവാൻമാത്രമേയുള്ളു. അതായതു ഈഎക്കണോമിക്കു സ്വെകമ്മിറ്റിറിപ്പോർട്ടുവരുന്നതുവരെ ഈ സംഗതിനീട്ടിവയ്ക്കരുതു്. എല്ലാപരിഷ്കൃതരാജ്യങ്ങളിലും സാമ്പത്തികാധഃപതനത്തിനു ഒരു ഏകനിവാരണമാർഗ്ഗമായിട്ടുള്ളതു കുടിൽവ്യവസായമാണെന്നു തെളിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു ഈ സംഗതിയിൽ നമ്മുടെ ഗവൺമെണ്ടും ഇനി ഒട്ടും താമസിക്കാതെ ഇംഗ്ലീഷിൽ പറഞ്ഞിരിയ്ക്കുന്ന ഇമ്മീഡിയറ്റ് എന്നവാക്കിന്റെ അർത്ഥമനുസ്സരിച്ചു വേണ്ടുന്നനടപടി നടത്തണ്ടതാണെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈപ്രമേയത്തെപിൻതാങ്ങുന്നു.

മിസ്സിസ് സ്പാരിസ്.—സർ, എനിയ്ക്കു ഇവിടെസംസാരിക്കുന്നതിനുവളരെഭയമായിരിക്കുന്നു. പണ്ടൊരുസന്യാസിപറഞ്ഞിരിക്കുന്നതെന്തെന്നാൽ "സംസാരം ഉത്തമമെങ്കിലും മൌനത അത്യുത്തമം" ഇതുകൂടാതെയും കുറച്ചുനു ബഹുമാനപ്പെട്ടമെമ്പർന്മാരുടെ ഇടയിൽ നിൽക്കുന്നതുകേട്ടപ്പോൾ എന്റെരൊക്കപൊട്ടിപ്പോയി. അയതുകൊണ്ടു ബഹുമാനപ്പെട്ടമെമ്പർ (ചെറുതുരുത്തി) ചിലപ്പോൾപറയുംപോലെ ഞാനൊന്നുവല്ല അരിക്രമവും പറഞ്ഞുപോകുമോ എന്നും ഭയമുണ്ടു്. എങ്കിലും ഇൻഡസ്ട്രി എന്നുകേട്ടപ്പോൾ എനിക്കും കുടി ഒരു ഇൻഡസ്ട്രിയൽസ്കൂൾ ഉള്ളതുകൊണ്ടു അതിനെപറ്റിയുള്ള എന്റെ പരിജ്ഞാനത്തെ ഇവിടെ ഒന്നു പ്രസ്താവിക്കണമെന്നുവച്ചു എഴുന്നേറ്റതാണു്. ഇപ്പോൾ ഏഴര കൊല്ലത്തോളമായി ഞാൻ അതിനെനടത്തുവാൻ തുടങ്ങീട്ടു്. കെട്ടിടം ഓലകൊണ്ടാണു മേഞ്ഞിരിക്കുന്നതു്. കൊല്ലംതോറും ഓല വേണം മേഞ്ഞുകെട്ടുന്നതിനു തന്നെ. മുനിസിപ്പാലിറ്റിക്കാരുടെ സഹായംകൊണ്ടാണു്

LIBRARY ARCHIVES Kerala Legislative Assembly